# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 25-11-2024**

## പ്രധാനവാർത്തകൾ

1 ) രാജ്യത്തെ സഹകരണ ബാങ്കുകളെ ശാക്തീകരിക്കുന്നതിന് കേന്ദ്രസർക്കാർ നിരവധി പരിഷ്കാരങ്ങൾ കൊണ്ടുവന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

2) ശീതകാല സമ്മേളനത്തിന്റെ ആദ്യദിവസം തന്നെ പ്രക്ഷുബ്ധമായി പാർലമെന്റ്. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

3) ഭരണഘടന അംഗീകരിച്ചതിൻറെ 75-ാം വാർഷികത്തോട് അനുബന്ധിച്ചുള്ള ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾക്ക് രാജ്യത്ത് നാളെ തുടക്കം.

4) വിരവിമുക്ത ദിനത്തോടനുബന്ധിച്ച് നാളെ എല്ലാ കുട്ടികളും വിരനശീകരണ ഗുളികകൾ കഴിച്ചതായി മാതാപിതാക്കൾ ഉറപ്പു വരുത്തണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

5) വയനാട്ടിൽ ആദിവാസി കുടുംബങ്ങളെ ബലമായി ഒഴിപ്പിച്ച സംഭവത്തിൽ, വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ

6) ബോർഡർ ഗാവസ്കർ ട്രോഫി ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയക്കെതിരെ ഇന്ത്യയ്ക്ക് 295 റൺസിന്റെ മിന്നും ജയം.

*******************************

## പ്രധാനമന്ത്രി - സഹകരണ ഉച്ചകോടി( ഇൻട്രോ )

രാജ്യത്തിന്റെ ഭാവി വികസനത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഐ സി എ ആഗോള സഹകരണ ഉച്ചകോടി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയെ സംബന്ധിച്ച് സഹകരണ പ്രസ്ഥാനം ഒരു മാതൃക മാത്രമല്ല, സംസ്കാരത്തിന്റെ അടിത്തറയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ സഹകരണ ബാങ്കുകളെ ശാക്തീകരിക്കുന്നതിന് നിരവധി പരിഷ്കാരങ്ങളാണ് കേന്ദ്രസർക്കാർ കൊണ്ടുവന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ് )

2025 അന്താരാഷ്ട്ര സഹകരണ വർഷത്തോട് അനുബന്ധിച്ചുള്ള അനുസ്മരണ സ്റ്റാമ്പും പ്രധാനമന്ത്രി ചടങ്ങിൽ പുറത്തിറക്കി. ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിങ് തോബ്ഗേ, ഫിജി ഉപപ്രധാനമന്ത്രി, കേന്ദ്ര മന്ത്രി അമിത് ഷാ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു.

******************************

## പാർലമെന്റ്

ശീതകാല സമ്മേളനത്തിൻറെ ആദ്യദിവസം തന്നെ പ്രതിപക്ഷ പ്രതിഷേധത്തിൽ പ്രക്ഷുബ്ധമായി പാർലമെൻറ്. നടപടികൾ വേഗത്തിൽ പൂർത്തിയാക്കി ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. അദാനി ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണം, മണിപ്പൂർ വിഷയം തുടങ്ങിയവ ഉയർത്തിയാണ് പ്രതിപക്ഷം ഇന്ന് രാജ്യസഭയിലും, ലോക്സഭയിലും പ്രതിഷേധിച്ചത്. വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രതിപക്ഷത്തിൻറെ ആവശ്യം സഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ നിരാകരിച്ചു. രാജ്യസഭാ പ്രതിപക്ഷനേതാവ്

മല്ലികാർജുൻ ഖർഗേ വിഷയം സഭയിൽ ഉയർത്താൻ ശ്രമിച്ചെങ്കിലും, പ്രസംഗത്തിന് അനുമതി ലഭിച്ചില്ല. തുടർന്ന് 11.45 വരെ നിർത്തിവച്ച രാജ്യസഭ വീണ്ടും ചേർന്നെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടർന്നതിനാൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു. ലോക്സഭയിലും സമാനരീതിയിലുള്ള പ്രതിഷേധമാണ് അരങ്ങേറിയത്. 12 മണി വരെ നിർത്തിവച്ച സഭ പിന്നീട് ആരംഭിച്ചെങ്കിലും പ്രതിപക്ഷ ബഹളത്തെ തുടർന്ന് വേഗത്തിൽ പിരിഞ്ഞു.

*****************************

## ഭരണഘടനാ ആഘോഷം

ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതിൻറെ 75-ാം വാർഷികത്തോട് അനുബന്ധിച്ച് ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾക്ക് കേന്ദ്ര സർക്കാരിൻറെ ആഭിമുഖ്യത്തിൽ നാളെ തുടക്കമാവും. 1949 നവംബർ 26 നാണ് ഭരണഘടനാ നിർമാണ സമിതി ഇന്ത്യൻ ഭരണഘടനയ്ക്ക് അംഗീകാരം നൽകുന്നത്. ന്യൂഡൽഹിയിലെ സംവിധാൻ ഭവനിൽ നാളെ നടക്കുന്ന ആഘോഷച്ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെൻറ് അംഗങ്ങളെ അഭിസംബോധന ചെയ്യും. ഹമാരാ സംവിധാൻ ഹമാരാ സ്വാഭിമാൻ എന്ന പേരിൽ വിപുലമായ ആഘോഷ പരിപാടികളാണ് രാജ്യത്തുടനീളം സംഘടിപ്പിക്കുന്നത്.

*****************************

## ഭരണഘടനാ ദിനാഘോഷം-സംസ്ഥാനം

ഭരണഘടനാ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തും നാളെ വിപുലമായ പരിപാടികൾ. നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ നാളെ തിരുവനന്തപുരത്ത് അഞ്ഞൂറോളം

മേരാ യുവ ഭാരത് വളണ്ടിയർമാർ അണിനിരക്കുന്ന പദയാത്ര സംഘടിപ്പിക്കും. കവടിയാർ വിവേകാനന്ദ പ്രതിമക്ക് മുന്നിൽ നിന്നാരംഭിക്കുന്ന പദയാത്ര നിയമ സഭ പരിസരത്ത് അവസാനിക്കും. തുടർന്ന് ദിനാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് നിയമസഭ സ്പീക്കർ എ. എൻ. ഷംസീർ ഭരണഘടനയുടെ ആമുഖം വായിക്കും. ദിനാചരണത്തിൻറെ ഭാഗമായി നിയമസഭാ ലൈബ്രറിയിൽ സംഘടിപ്പിക്കുന്ന പുസ്തക പ്രദർശനത്തിൻറെ ഉദ്ഘാടനവും സ്പീക്കർ നിർവഹിക്കും.

*****************************

## വീണാ ജോർജ്

കുട്ടികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്ന വിരബാധക്കെതിരെ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. വിര വിമുക്ത ദിനമായ നാളെ വിദ്യാലയങ്ങളിലും അങ്കണവാടികളിലും കുട്ടികൾക്ക് വിര ഗുളിക നൽകണമെന്നും ഏതെങ്കിലും കാരണത്താൽ നാളെ ലഭിക്കാത്ത കുട്ടികൾക്ക് ഡിസംബർ 3-ന് ഗുളിക നൽകുമെന്നും മന്ത്രി അറിയിച്ചു. 6 മാസത്തെ ഇടവേളകളിലായി വർഷത്തിൽ രണ്ടു പ്രാവശ്യം വിര നശീകരണത്തിനുള്ള ഗുളിക നൽകേണ്ടതാണ്. വിരനശീകരണ ഗുളികകൾ എല്ലാ കുട്ടികളും കഴിച്ചുവെന്ന് മാതാപിതാക്കൾ ഉറപ്പു വരുത്തണമെന്നും ആരോഗ്യമന്ത്രി അഭ്യർത്ഥിച്ചു.

*****************************

## വയനാട് - ഗോത്രസമരം

വയനാട് തോൽപ്പെട്ടി, കൊള്ളിമൂല ആദിവാസി സെറ്റിൽമെൻറിൽ നിന്നും ആദിവാസികളെ ബലമായി

ഒഴിപ്പിച്ച സംഭവത്തിൽ, വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ. സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കും. സംഭവത്തിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടതായും മന്ത്രി പറഞ്ഞു. സംഭവത്തിൽ പ്രതിഷേധിച്ച് തോൽപ്പെട്ടി വന്യജീവി സങ്കേതത്തിൽ കുത്തിയിരിപ്പ് സമരം തുടരുകയാണ്. ബേഗൂരിൽ മൂന്ന് കുടുംബങ്ങൾ 16 വർഷമായി താമസിക്കുന്ന കുടിലുകൾ പൊളിച്ചു മാറ്റിയതായാണ് പരാതി. മറ്റൊരു സ്ഥലത്ത് വീട് മാറ്റി വച്ച് തരാം എന്ന നിബന്ധനയോടെയാണ് വീട് പൊളിച്ചതെങ്കിലും പകരം മാർഗ്ഗങ്ങൾ ഒരുക്കിയിരുന്നില്ലെന്ന് കുടുംബങ്ങൾ ആരോപിച്ചു.

****************************

## മുഖ്യമന്ത്രി - തലശ്ശേരി നഗരസഭ

കേരളത്തിലെ വ്യാവസായിക മുന്നേറ്റത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കു വഹിക്കാനാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കണമെന്നും സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. തലശ്ശേരി നഗരസഭയുടെ പുതിയ ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

****************************

## കെ.സുരേന്ദ്രൻ

ബിജെപി സംസ്ഥാന അധ്യക്ഷനായി താൻ തുടരണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് പാർട്ടി

കേന്ദ്രനേതൃത്വമാണെന്ന് കെ.സുരേന്ദ്രൻ. ഇതിൽ വ്യക്തിപരമായ ഇഷ്ടാനിഷ്ടത്തിന്റെ കാര്യമില്ലെന്നും അദ്ദേഹം കോഴിക്കോട് വാർത്താസമ്മേളനത്തിൽ പറഞ്ഞു. പാലക്കാട് ഉപതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി നിർണയത്തിൽ പിഴവുണ്ടായിട്ടില്ലെന്നും, അടിസ്ഥാന വോട്ടുകൾ അല്ലാത്തവ എന്തുകൊണ്ട് ലഭിച്ചില്ലെന്ന് പരിശോധിക്കുമെന്നും ശ്രീ കെ സുരേന്ദ്രൻ വ്യക്തമാക്കി.

*****************************

## അറസ്റ്റ്

മരം മുറിയ്ക്കാനായി റോഡിനു കുറുകെ കെട്ടിയ കയർ കഴുത്തിൽ കുരുങ്ങി യുവാവ് മരിച്ച സംഭവത്തിൽ തിരുവല്ല പോലീസ് കരാറുകാരനെ അറസ്റ്റ് ചെയ്തു. മുത്തൂർ ഗവണ്മെന്റ് യു പി സ്കൂൾ വളപ്പിലെ മരം മുറിക്കുന്നതിനു വേണ്ടി റോഡിൽ കുറുകെ കെട്ടിയ പ്ലാസ്റ്റിക് കയറിൽ കുരുങ്ങി തകഴി സ്വദേശി സിയാദാണ് മരിച്ചത്. മുന്നറിയിപ്പ് ബോർഡു വയ്ക്കുകയോ, ഗതാഗതം നിയന്ത്രിക്കുകയോ ചെയ്യാതിരുന്നതാണ് അപകടത്തിലേക്ക് നയിച്ചത്.

*****************************

## ശബരിമല

ശബരിമലയിൽ മണ്ഡലകാലത്ത് ഇതുവരെ 7 ലക്ഷത്തി 27,716 തീർഥാടകർ ദർശനം നടത്തിയതായി കണക്കുകൾ. ഇന്ന് 51,238 പേർ വെർച്വൽ ക്യൂ വഴിയും, 8,619 പേർ തത്സമയ ബുക്കിംഗ് മുഖേനയും ദർശനം നടത്തി. അടുത്ത മാസം എഴുവരെ വെർച്വൽ ക്യൂ ബുക്കിംഗ് എല്ലാദിനവും 70,000 പൂർത്തിയായിട്ടുണ്ട്.

*****************************

## സന്നിധാനം-ഊട്ടുപുര... ഇൻട്രോ

മണ്ഡലകാലത്ത് ശബരിമല അന്നദാന മണ്ഡപത്തിൽ തിരക്കേറുന്നു. ദേവസ്വം ബോർഡിൻ്റെ നേതൃത്വത്തിലുള്ള അന്നദാനമണ്ഡപത്തിൽ രാവിലെ ആറുമുതൽ മൂന്നു നേരത്തെ ഭക്ഷണമാണ് നൽകുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

( വോയിസ് )

*****************************

## മുഖ്യമന്ത്രി - മുകുന്ദൻ നോവൽ

എം മുകുന്ദന്റെ '**മയ്യഴിപ്പുഴയുടെ തീരങ്ങളിൽ**' നോവലിന്റെ അമ്പതാം വാർഷികാഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ മയ്യഴിയിൽ ഉദ്ഘാടനം ചെയ്തു. ചെറു പ്രായത്തിൽ തന്നെ എം മുകുന്ദന് മാസ്റ്റർ പീസ് എഴുതാനായത് വലിയ കാര്യമാണെന്ന് മുഖ്യമന്ത്രി ചടങ്ങിൽ പറഞ്ഞു. സാധാരണക്കാരനുവേണ്ടിയാണ് എം. മുകുന്ദൻ ഇപ്പോഴും എഴുതി കൊണ്ടിരിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കേരള സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിലായിരുന്നു പരിപാടി സംഘടിപ്പിച്ചത് .

*****************************

## ക്രിക്കറ്റ്

പെർത്തിൽ നടന്ന ബോർഡർ ഗാവസ്കർ ട്രോഫി ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയക്കെതിരെ ഇന്ത്യയ്ക്ക് 295 റൺസിന്റെ മിന്നും ജയം. ഇന്ത്യ ഉയർത്തിയ 534 റൺസ് വിജയ ലക്ഷ്യം പിന്തുടർന്ന ഓസ്ട്രേലിയയുടെ രണ്ടാം ഇന്നിംഗ്സ് 238 റൺസിന് അവസാനിച്ചു. ഇതോടെ അഞ്ച് മത്സര പരമ്പരയിൽ ഇന്ത്യ 1-0 ത്തിന് മുന്നിലാണ്. ഇന്ത്യയ്ക്ക് വേണ്ടി ടെസ്റ്റിൽ എട്ട് വിക്കറ്റ് വീഴ്ത്തിയ ജസ്പ്രീത് ബുംറയാണ് കളിയിലെ താരം . രണ്ടാം ടെസ്റ്റ് അടുത്തമാസം ആറിന് ഓവലിൽ നടക്കും.

*****************************

മഴ

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം ശക്തി പ്രാപിച്ചതിനെ തുടർന്ന് സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതെയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഈ മാസം 29 വരെ കേരള തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*****************************

ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 993 പോയിന്റ് ഉയർന്ന് 80,110-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 315 പോയിന്റ് നേട്ടത്തിൽ 24,222-ലും വ്യാപാരം അവസാനിപ്പിച്ചു.

*************************************************************************

*****************